24

നം.C1/13182/2017

ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം - 695 004
ഫോൺ: 0471-2445749, 2445799
e-mail: dddtvm@gmail.com
തീയതി. 11.04.2018

**സർക്കുലർ നം: 14/18**

വിഷയം:- ക്ഷീര വികസന വകുപ്പ്- 2014 ലെ ക്ഷീര സഹകരണ സംഘം ജീവനക്കാരുടെ ശമ്പള പരിഷ്കരണം-ക്ഷാമബത്ത-വ്യക്തത വരുത്തി നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന:- 1. സർക്കാരിന്റെ 14.01.2014 ലെ സ.ഉ.(പി) നം.02/2016/കൃഷി നമ്പർ ഉത്തരവ്.
2. ഈ ഓഫീസിലെ 02.02.2016 ലെ സി1/2855/14 നം. സർക്കുലർ.
3. കേരളാ കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയൻ (CITU) സ്റ്റേറ്റ് കമ്മിറ്റി ജനറൽ സെക്രട്ടറിയുടെ 27.03.2018-ലെ കത്ത്.

സൂചന (1) സർക്കാർ ഉത്തരവിലെ 12-ാം ഖണ്ഡികയിൽ ക്ഷാമബത്ത എന്ന ശീർഷകത്തിൽ 01.01.2014 വരെ അല്ലെങ്കിൽ ഓപ്ഷൻ തീയതി വരെ പഴയ ശമ്പള സ്കെയിലിന്റെ അടിസ്ഥാനത്തിലാണ് ക്ഷമബത്ത നൽകേണ്ടത് എന്നും 80% ലയിപ്പിച്ചശേഷം ബാക്കിയുള്ള 49% ക്ഷാമബത്ത ആയും 01.01.2014 മുതലുള്ള 10% ക്ഷാമബത്തയും 01.07.2014 മുതലുള്ള 7% ക്ഷാമബത്തയും നല്കുന്നതാണ് എന്ന് വ്യക്തമാക്കിയിരുന്നു. ആയതിന് അനുസൃതമായി സൂചന (2) സർക്കുലർ പ്രകാരം 80% ക്ഷാമബത്ത ലയിപ്പിച്ചശേഷം ബാക്കിയുള്ള 49% ക്ഷാമബത്തയും 01.01.2014 മുതലുള്ള 10% ക്ഷാമബത്തയും 01.07.2014 മുതലുള്ള 7% ക്ഷാമബത്തയും നല്കാവുന്നതാണ് എന്നും വ്യക്തമാക്കിയിരുന്നു.

എന്നാൽ ഇതു പല ജില്ലകളിലും തെറ്റായി വ്യാഖ്യാനിച്ച് ജീവനക്കാരുടെ ശമ്പള പരിഷ്കരണം യഥാസമയം നടപ്പിലാക്കികൊടുക്കുന്നതിന് ചില ഉദ്യോഗസ്ഥർ എങ്കിലും തടസ്സം നില്ക്കുന്നു എന്ന് സൂചന (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ശമ്പള പരിഷ്കരണത്തിന് ക്ഷാമബത്ത താഴെ പറയും പ്രകാരം ആണ് കണക്കാക്കേണ്ടത് എന്ന് വ്യക്തതവരുത്തി നിർദ്ദേശം നല്കുന്നു.

B.12.04.18

1. 01.01.2014 ലെ അല്ലെങ്കിൽ ഓപ്ഷൻ തീയതിയിലെ അടിസ്ഥാന ശമ്പളത്തോടൊപ്പം അന്ന് അർഹതപ്പെട്ട 129% ക്ഷാമബത്തയിൽ 80% ക്ഷാമബത്തയാണ് പുതിയ ശമ്പള സ്കെയിലിലെ അടിസ്ഥാന ശമ്പളം കണ്ടെത്താൻ ലയിപ്പിക്കേണ്ടത്.
2. 80% ലയിപ്പിച്ച ശേഷം ബാക്കിയുള്ള 49% ക്ഷാമബത്തയോടൊപ്പം തുടർന്ന് 01.01.2014 മുതൽ അനുവദിക്കപ്പെട്ട ക്ഷാമബത്തയും ലഭിക്കുവാൻ ജീവനക്കാർക്ക് അർഹതയുള്ളതാണ്.
3. സൂചന (1) സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളും ശമ്പള പരിഷ്കരണത്തിന് പാലിക്കേണ്ടതാണ്.

ഈ സർക്കുലർ നിർദ്ദേശം ജില്ലാ രജിസ്ട്രാർമാർ എല്ലാ ക്ഷീര സഹകരണ സംഘങ്ങളെയും രേഖാമൂലം അറിയിക്കേണ്ടതാണ്.

ഡയറക്ടർ

പകർപ്പ്:
1) എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2) എല്ലാ ക്ഷീര പരിശീലന കേന്ദ്രം പ്രിൻസിപ്പാൾമാർക്കും
3) സ്റ്റേറ്റ് ഫോഡർ ഫാം സൂപ്രണ്ട്
4) എല്ലാ ക്ഷീര വികസന ഓഫീസർമാർക്കും, ഡെയറി ഫാം ഇൻസ്ട്രക്ടർമാർക്കും (ബന്ധപ്പെട്ട മേൽ ഉദ്യോഗസ്ഥർ മുഖേന)

B.12.04.18